വർഷമായിട്ടും നടപടികൾ പൂർത്തിയാക്കാൻ സാധിക്കുന്നില്ല. രണ്ട് പ്രാവശ്യം ടെണ്ടർ വിളിച്ചു. ഒരു പ്രാവശ്യം ക്വട്ടേഷൻ വിളിച്ചു. നാലാമത് നെഗോഷിയേറ്റഡ് ക്വട്ടേഷൻ മുഖേനയാണ് ഒരു കരാറുകാരനെ ജോലി ഏൽപ്പിച്ചത്. പക്ഷേ അയാൾ ഉപേക്ഷിച്ചുപോയി. അയാളുടെ പേരിൽ നടപടി എടുക്കുന്ന കാര്യം ആലോചിക്കുന്നതാണ്. ഇപ്പോൾ വീണ്ടും ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 31-12-2015 ആണ് ടെണ്ടർ സമർപ്പിക്കാനുള്ള അവസാന തീയതി. ഉദ്യോഗസ്ഥൻമാർ മുഖേന മത്സരാടിസ്ഥാനത്തിലുള്ള കൂടുതൽ ടെണ്ടറുകൾ ക്വാട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇത്തവണത്തെ ടെണ്ടറിംഗ് ഫലപ്രദമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആവശ്യമായ നടപടികൾ സ്വീകരിക്കാം.

(29) ബൈപ്പാസ് നിർമ്മാണം ത്വരിതപ്പെടുത്തൽ

ഡോ. എൻ. ജയരാജ്: സർ, കാഞ്ഞിരപ്പള്ളി ടൗണിലെ ഗതാഗതക്കുരുക്കിന് പരിഹാരമെന്ന നിലയിലുള്ളതാണ് നിർദ്ദിഷ്ട ബൈപ്പാസ്. അതിന് എസ്.എൽ.ഇ.സി.-യുടെ അപ്രൂവൽ ലഭിച്ചെങ്കിലും എ.എസ്.ന്റെ കാലാവധി കഴിഞ്ഞിരുന്നു. അതുകൊണ്ട് കാലാവധി എക്സ്റ്റന്റ് ചെയ്യുകയും എസ്.എൽ.ഇ.സി.-യുടെ പ്രൊസീഡിംഗ്സ് പുറത്തിറങ്ങിയാലുടൻതന്നെ ഭൂമിയേറ്റെടുക്കാനുള്ള നടപടികൾക്ക് ആവശ്യമായ നിർദ്ദേശം കോട്ടയം ജില്ലാ കളക്ടർക്ക് നൽകുകയും ചെയ്യണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. ഈ വിഷയത്തിൽ ഞാൻ ഇതിനുമുമ്പും പലതവണ സബ്മിഷൻ ഉന്നയിച്ചിരുന്നതാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ഇതിന്റെ ഭരണാനുമതിയുടെ കാലാവധി അവസാനിച്ചു. അത് നീട്ടിക്കിട്ടാനുള്ള ശിപാർശയോ അതല്ലെങ്കിൽ ബഹുമാനപ്പെട്ട എം.എൽ.എ.യുടെ കത്തോ ലഭിച്ചാൽ തീർച്ചയായിട്ടും അതിന്മേലുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കമ്മിറ്റിയുടെ ശിപാർശയിപ്പോൾ എസ്.എൽ.ഇ.സി.യുടെ പരിഗണനയിലാണ്. നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുത്താലുടൻതന്നെ ബൈപ്പാസ് നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(30) ഭാരതപ്പുഴയുടെ തീരത്തുകൂടിയുള്ള കർമ്മ റോഡ് പദ്ധതി

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, പൊന്നാനി നഗരത്തിലെ ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനാണ് ഭാരതപ്പുഴയുടെ തീരത്തുകൂടി ചമ്രവട്ടം പാലത്തിൽനിന്ന് ഫിഷിംഗ് ഹാർബർ, നിർദ്ദിഷ്ട കാർഗോ പോർട്ട് എന്നിവിടങ്ങളിലേയ്ക്ക് കർമ്മ റോഡ് രൂപകൽപ്പന ചെയ്തത്. ഒന്നാം ഘട്ടത്തിനായി കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് വകയിരുത്തിയ തുകയല്ലാതെ പദ്ധതി പൂർത്തീകരണത്തിന് ബാക്കി തുക ഇതുവരെ വകയിരുത്തിയിട്ടില്ല. നാല് കിലോമീറ്റർ ദൂരം റോഡ് പണിത്

LIBRARY ARCHIVES Kerala Legislative Assembly

പുഴയുടെ തീരത്ത് നിൽക്കുകയാണ്. മാത്രമല്ല ഒന്നാം ഘട്ടം പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഇതുവരെ അവ പൂർത്തീകരിച്ചിട്ടില്ല. അനുവദിച്ച ഫണ്ടിന്റെ ഭൂരിഭാഗവും കമ്പനിക്ക് ബില്ലായി മാറിക്കൊടുത്തു എന്ന ആക്ഷേപം ഉയർന്നുവന്നിരിക്കുകയാണ്. പണി പൂർത്തീകരിക്കുന്നതിനുമുൻപ് പണംകൊടുത്തു എന്ന ആക്ഷേപമാണ് ഉയർന്നുവന്നിരിക്കുന്നത്. ഇതിന്റെ നിജസ്ഥിതി വിശദമാക്കണം. ടെണ്ടറെടുത്ത പ്രസ്തുത റീച്ചിന്റെ പൂർത്തീകരണത്തിന് എന്താണ് തടസ്സമെന്ന് വ്യക്തമാക്കണം. അടിയന്തരമായി പ്രസ്തുത റീച്ച് പൂർത്തിയാക്കാൻവേണ്ട നടപടികൾ സ്വീകരിക്കണം. ചക്രവട്ടം പാലം, കാർഗോ പോർട്ട് എന്നിവയുമായി ബന്ധപ്പെട്ട് ഗതാഗതക്കുരുക്കിലമർന്ന പൊന്നാനിയുടെ ഗതാഗത പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരമാകുന്ന പ്രസ്തുത പദ്ധതിക്ക് ആവശ്യമുള്ള ബാക്കി തുക കൂടി അനുവദിച്ച് പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന്. ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, പൊന്നാനി മണ്ഡലത്തിലെ കർമ്മ ബൈപ്പാസിന്റെ ഒന്നാംഘട്ട നിർമ്മാണത്തിന് 14 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ എഗ്രിമെന്റ് തുക 16.71 കോടി രൂപയാണ്. 2011-ൽ നിർമ്മാണം ആരംഭിച്ച ഈ പ്രവൃത്തിയുടെ 80 ശതമാനത്തോളം പണി പൂർത്തീകരിച്ചിട്ടുണ്ട്. പണി സുഗമമായി മുന്നോട്ട് നീങ്ങുന്നതിന് നിർമ്മാണ സാമഗ്രികളുടെ അഭാവം തടസ്സം സൃഷ്ടിക്കുന്നതായി കരാറുകാരൻ അറിയിച്ചിട്ടുണ്ട്. ഇതേവരെ 12.7 കോടി രൂപ കമ്പനിക്ക് നൽകിയിട്ടുണ്ട്. കർമ്മ ബൈപ്പാസ് രണ്ടാംഘട്ട പ്രവൃത്തിക്കായി 34 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇതിനുള്ള ഭരണാനുമതി നൽകുന്നതാണ്.

(31) എൻ.എച്ച്. റോഡിന്റെ പ്രവൃത്തി

ശ്രീ. എം. പി. വിൻസെന്റ്: സർ, എൻ. എച്ച്. 47-ലെ മണ്ണുത്തി മുതൽ വടക്കുംചേരി വരെയുള്ള ഹൈവേയുടെ പണി ആരംഭിക്കാത്ത വിഷയം പലപ്രാവശ്യം ഞാൻ സഭയിൽ ഉന്നയിച്ചിട്ടുണ്ട്. ഇതിന്റെ പണി തുടങ്ങിയിട്ട് വർഷങ്ങളായെങ്കിലും ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. അതിനുശേഷം തുടങ്ങിയ വടക്കുംചേരി മുതൽ വാളയാർ വരെയുള്ള റോഡ് പൂർത്തീകരിച്ചു. ഈ റോഡിന്റെ ഗതികേട് എന്നു പറയുന്നത്, ഇപ്പോൾ ശബരിമല സീസൺ കൂടിയായതിനാൽ വളരെയധികം ആളുകൾ യാത്രചെയ്യുന്ന ഈ റോഡിൽ ഒരു മഴ പെയ്താൽ വലിയ ഗതാഗതക്കുരുക്ക് ഉണ്ടാകുകയാണ്. അതുപോലെതന്നെ കുതിരാനിൽ വളരെയധികം അപകടങ്ങൾ ഉണ്ടാകുന്നു. അപകടത്തിൽപ്പെട്ട് കുടുംബാംഗങ്ങൾ കൂട്ടത്തോടെ

LIBRARY ARCHIVES Kerala Legislative Assembly